# ജനകീയാസൂത്രണം മുപ്പതാണ്ട് പിന്നിടുമ്പോൾ...

**2026 ആഗസ്റ്റ് 16, കോട്ടൺഹിൽ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ**
**, തിരുവനന്തപുരം**

സെക്ഷൻ : 2

പേര് : ഡോ. എസ് അഭിലാഷ്

ഇന്ത്യൻ മൺസൂണിന്റെ സ്വഭാവം തന്നെ മാറിക്കൊണ്ടിരിക്കുകയാണോ?

ആഗോളതാപനത്തിന്റെ പശ്ചാത്തലത്തിൽ മൺസൂൺ ഒരു പുതിയ ഘട്ടത്തിലേക്ക് കടക്കുകയാണോ? വരും വർഷങ്ങളിൽ മഴയുടെ അളവ്, ദൈർഘ്യം, വിതരണരീതി, അതിതീവ്ര മഴ എന്നിവയിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്?

2018–ലെ മഹാപ്രളയത്തിനും തുടർന്നുണ്ടായ വെള്ളപ്പൊക്കങ്ങൾക്കും ഉരുൾപൊട്ടലുകൾക്കും ശേഷം കേരളം യഥാർത്ഥത്തിൽ കൂടുതൽ ദുരന്തസജ്ജമായോ?

നമ്മുടെ ദുരന്തനിവാരണ സംവിധാനത്തിലും മുൻകരുതൽ സംവിധാനങ്ങളിലും നഗരാസൂത്രണത്തിലും ഉണ്ടായ മാറ്റങ്ങൾ മതിയായതാണെന്ന് കരുതുന്നുണ്ടോ?

പ്രകൃതിദുരന്തങ്ങളുടെ ആഘാതം വർധിപ്പിക്കുന്നതിൽ നമ്മുടെ വികസന മാതൃകയ്ക്ക് എത്രത്തോളം പങ്കുണ്ട്?

വനനശീകരണം, കുന്നിടിക്കൽ, ഖനനം, തണ്ണീർത്തട നികത്തൽ, നദീതടങ്ങളിലെ കൈയേറ്റം, അനിയന്ത്രിത നഗരവൽക്കരണം തുടങ്ങിയവ പ്രകൃതിദുരന്തങ്ങളെ കൂടുതൽ വിനാശകരമാക്കുന്നുണ്ടോ?

കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ പ്രതീക്ഷ നൽകുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്?

കാലാവസ്ഥാ ശാസ്ത്രം, ഉയർന്ന റെസല്യൂഷൻ പ്രവചനങ്ങൾ, റഡാർ–ഉപഗ്രഹ നിരീക്ഷണം, കൃത്രിമബുദ്ധി, പ്രാദേശിക മുന്നറിയിപ്പ് സംവിധാനങ്ങൾ, ജനകീയ പങ്കാളിത്തം തുടങ്ങിയ മേഖലകളിലെ പുതിയ മുന്നേറ്റങ്ങൾ കേരളത്തിന്റെ ദുരന്തസാധ്യത കുറയ്ക്കുന്നതിൽ എത്രത്തോളം സഹായകരമാകും?

ഇപ്പോഴത്തെ മഴയുടെ പ്രവണതകൾ തുടർന്നാൽ, അടുത്ത 5–10 വർഷത്തിനുള്ളിൽ കേരളം എന്തൊക്കെ മാറ്റങ്ങൾക്ക് തയ്യാറാകണം?

ദുരന്തങ്ങളെ അതിജീവിക്കാനുള്ള ശേഷി എന്നത് അടിസ്ഥാന സൗകര്യങ്ങളുടെ കാര്യമാണോ, അതോ ഒരു സമൂഹത്തിന്റെ സാമൂഹികവും സ്ഥാപനപരവുമായ ശേഷിയുടെ കൂടി പ്രതിഫലനമാണോ?

“പ്രാദേശിക അറിവ്” എന്നത് വികസന ആസൂത്രണത്തിൽ ഉൾപ്പെടുത്തുമ്പോൾ, ആരുടെ അറിവാണ് അംഗീകരിക്കപ്പെടുന്നത് എന്നും ആരുടെ അനുഭവങ്ങളാണ് അദൃശ്യമായി പോകുന്നത് എന്നും എങ്ങനെ ചിന്തിക്കണം?

കാലാവസ്ഥാ പ്രതിരോധശേഷിയെ ഒരു വികസന ലക്ഷ്യമായി കാണുന്നതും, ഓരോ വികസന തീരുമാനത്തിന്റെയും അടിസ്ഥാന തത്വമായി കാണുന്നതും തമ്മിൽ എന്താണ് യഥാർത്ഥ വ്യത്യാസം?

സംസ്ഥാനതല അറിവും പ്രാദേശിക അനുഭവവും തമ്മിലുള്ള ബന്ധം ഒരു “information loop” ആയി കാണുമ്പോൾ, അറിവ് മുകളിലേക്ക് പോകുകയും താഴേക്ക് വരികയും ചെയ്യുന്നതിനെക്കാൾ പ്രധാനപ്പെട്ടത് തീരുമാനമെടുക്കുന്ന രീതിയിൽ എന്ത് മാറ്റമാണ് ഉണ്ടാകേണ്ടത്?

കാലാവസ്ഥാ വ്യതിയാനത്തെ നേരിടാനുള്ള ഉത്തരവാദിത്തം സർക്കാരിന്റെ സംവിധാനങ്ങളിൽ മാത്രം നിർത്താതെ സമൂഹം, വിദ്യാർത്ഥികൾ, പ്രൊഫഷണലുകൾ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവരിലേക്ക് പങ്കിടുമ്പോൾ, ഉത്തരവാദിത്തത്തിന്റെയും അധികാരത്തിന്റെയും അതിരുകൾ എങ്ങനെ പുനർനിർവചിക്കപ്പെടണം?